പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1020. 11.07.2011-ൽ മറുപടിക്ക്

മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മിനിമം വേതന നിയമം എന്നാണ് പ്രാബല്യത്തിൽ വന്നത്; ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) മിനിമം വേതന നിയമം 15.02.1958 മുതലാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത്.<br>വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്, തൊഴിലിന് ലഭിക്കേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുകയും, അവ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നതിനും, പ്രസ്തുത നിരക്കിൽ നിശ്ചയിച്ച വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയാണ് ഈ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യമായി കാണുന്നത്. |
| (ബി) പ്രസ്തുത നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ട വ്യവസായ, തൊഴിൽ മേഖലകൾ ഏതെല്ലാമാണ്; | (ബി) 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ കേന്ദ്ര/സംസ്ഥാന സർക്കാർ ഉൾപ്പെടുത്തിയ 82 തൊഴിൽ മേഖലകളുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1. വൂളൻ കാർപ്പെറ്റ് നിർമ്മാണം/ഷോൾ വീവിങ്ങ് എസ്റ്റാബ്ലിഷ്മെന്റ്.<br>2. റൈസ് മില്ലുകൾ, ഫ്ളോർ മില്ലുകൾ, ദാൽ മില്ലുകൾ തുടങ്ങിയ മേഖലകൾ<br>3. ബീഡി ആന്റ് സിഗാർ വ്യവസായം<br>4. പ്ലാന്റേഷൻ മേഖല<br>5. ഓയിൽ മില്ലുകൾ<br>6. ലോക്കൽ അതോറിറ്റി |

7. റോഡുകളുടേയും, കെട്ടിടങ്ങളുടേയും നിർമ്മാണം
8. പാറപൊട്ടിക്കൽ, പാറ ഉടയ്ക്കൽ
9. ലാക് മാനുഫാക്ച്ചറിംഗ്
10. മൈക്ക വർക്സ്
11. പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ട്
12. ടാന്നറികളും ലെതർ ഉല്പന്ന നിർമ്മാണവും മേഖല
13. കയർ വ്യവസായം
14. കശുവണ്ടി വ്യവസായം
15. സാൾട്ട്പാൻ
16. മോട്ടോർ ബോട്ട് ട്രാൻസ്പോർട്ട് ഒഴികെയുള്ള ജലഗതാഗത മേഖല
17. പ്രിന്റിംഗ് പ്രസ്സുകൾ
18. ഓടു നിർമ്മാണം
19. കള്ള് ചെത്ത് വ്യവസായം
20. തീപ്പെട്ടി വ്യവസായം
21. കടകളും വ്യാപാര സ്ഥാപനങ്ങളും (ഹോട്ടലുകളും, റെസ്റ്റോറന്റും ഉൾപ്പെടെ)
22. ടിംബർ വ്യവസായം
23. ഇഷ്ടിക നിർമ്മാണം
24. ബാങ്കുകൾ
25. കൈത്തറി
26. പ്ലൈവുഡ് വ്യവസായം
27. ചെറിയ തുറമുഖങ്ങൾ
28. വനം മേഖല
29. റബ്ബർ ഉല്പന്നങ്ങൾ
30. മൈനർ എഞ്ചിനീയറിംഗ്
31. ഡാമുകളുടെ നിർമ്മാണവും അറ്റകുറ്റപ്പണിയും
32. മത്സ്യസംസ്കരണം
33. മലഞ്ചരക്ക് വ്യാപാരം
34. ആയുർവേദ, അലോപ്പതി മരുന്നുകളുടെ നിർമ്മാണം
35. പവർലൂം ഇൻഡസ്ട്രി
36. ആനകളുടെ പരിപാലനവും സംരക്ഷണവും
37. കൊപ്ര നിർമ്മാണം

38. ഹോസിയറി മാനുഫാക്ചറിംഗ്
39. ഐസ് ഫാക്ടറികൾ
40. കുടകളുടെ നിർമ്മാണവും വില്പനയും
41. ഹോസ്റ്റലുകൾ
42. റബ്ബർ ക്രോപ്പ് മിൽസ്
43. മദ്യ വ്യാപാരവും വിപണനവും
44. സിനിമാ തീയേറ്ററുകൾ
45. ബ്ലോക്ക് റബ്ബർ ഫാക്ടറികൾ
46. നദികളിലെ മണൽവാരലും, അതിന്റെ കയറ്റിറക്കും
47. അലുമിനിയം ആന്റ് ടിൻ ഉല്പന്ന നിർമ്മാണം
48. ലൈറ്റ് മോട്ടോർ വെഹിക്കിൾസ്
49. ഓയിൽ പാം
50. മാർബിൾ ആന്റ് ഗ്രാനൈറ്റ്
51. ഭക്ഷ്യ സംസ്കരണം
52. ഇലക്ട്രിക് ഉപകരണങ്ങൾ, ഗൃഹോപകരണ മേഖല
53. സോപ്പ് നിർമ്മാണം
54. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
55. പ്ലാസ്റ്റിക് വ്യവസായം
56. വയർകട്ട് ബ്രിക്സ്
57. സ്ക്രീൻ പ്രിന്റിംഗ്
58. കരകൗശല മേഖല
59. വസ്ത്ര നിർമ്മാണം
60. ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്
61. ഖാദി വ്യവസായം
62. ചൂരൽ, മുള ഉല്പന്നങ്ങൾ
63. സെക്യൂരിറ്റി സർവീസ്
64. യന്ത്രവൽകൃത മത്സ്യബന്ധനം
65. ചലച്ചിത്ര, ടെലിഫിലിം നിർമ്മാണം
66. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (അനദ്ധ്യാപകർ)
67. സ്വകാര്യ ആശുപത്രികൾ, അനുബന്ധ സ്ഥാപനങ്ങൾ
68. എൽ.പി. ഗ്യാസ് (പാചകവാതകം)
69. ഇലക്ട്രോണിക് വ്യവസായം

70. സെയിൽസ് പ്രമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രൊഡക്ട്സ്
71. പെട്രോൾ പമ്പുകൾ
72. സ്റ്റാർ ഹോട്ടലുകൾ
73. ഗാർഹിക തൊഴിൽ
74. മരം മുറിച്ചുമാറ്റലും, തടിയറുക്കലും
75. സ്വർണ്ണ-വെള്ളി ആഭരണ നിർമ്മാണം
76. സ്വകാര്യ ക്ഷേത്രങ്ങൾ
77. ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫീസുകൾ
78. മരം കയറ്റം
79. തൂത്തുവൃത്തിയാക്കലും, ശുചീകരണവും
80. ഫർണിച്ചർ വ്യവസായം
81. മെഡിക്കൽ ഷോപ്പിലെ ഫാർമസിസ്റ്റുകൾ
82. മദ്യ ഉല്പാദനം (മദ്യ ഉല്പാദനവും, സ്പിരിറ്റ് വാറ്റലും, ശുദ്ധീകരിക്കലും ഉൾപ്പെടെ)

(സി) മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) മിനമം വേതനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

(1) മിനിമം കൂലി നിശ്ചയിക്കുന്നതിന് ഒരു സാധാരണ തൊഴിലാളി കുടുംബം എന്നത് തൊഴിലാളിയുടെ വരുമാനത്തെ ആശ്രയിച്ചു കഴിയുന്ന മൂന്ന് ഉപഭോക്തൃ യൂണിറ്റുകളായി കണക്കാക്കണം. (ഇതിൽ സ്ത്രീകളുടേയും, പ്രായപൂർത്തിയാകാത്തവരുടേയും വരുമാനം കണക്കാക്കേണ്ടതില്ല)

(2) കുറഞ്ഞ ഭക്ഷണ ചെലവുകൾ കണക്കാക്കേണ്ടത് ഡോ.ഐക്രോയ്ഡ് ശുപാർശ ചെയ്തിട്ടുള്ള കലോറി അളവിലായിരിക്കണം.

(3) വസ്ത്രത്തിന്റെ ആവശ്യങ്ങൾക്കായി ഒരു വർഷത്തേയ്ക്ക് ഒരാൾക്ക് 18 വാര എന്ന കണക്കിൽ 4 പേർ അടങ്ങിയ കുടുംബത്തിന് 72 വാര (അതായത് 54.8 മീറ്റർ) എന്ന കണക്കിലായിരിക്കണം

(4) താമസ സൗകര്യത്തിന് സർക്കാരിന്റെ

വ്യാവസായിക ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് ചുരുങ്ങിയ സ്ഥലത്തിന്റെ വിസ്തീർണ്ണം കണക്കാക്കിയിരിക്കണം.

(5) വിറക്, വെളിച്ചം തുടങ്ങി മറ്റ് പലവക ചെലവുകൾ മിനിമം കൂലിയുടെ 20 ശതമാനം വരുന്നതാണ്.

(6) കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാ ചെലവുകൾ, കുറഞ്ഞവിനോദം, ഉത്സവ-ങ്ങളും മറ്റ് വിശേഷങ്ങളും, വാർദ്ധക്യ കാലത്തേക്കുള്ള നീക്കിയിരിപ്പ്, കല്യാണം മുതലായവയ്ക്ക് മിനിമം കൂലിയുടെ 25 ശതമാനത്തിന് തുല്യമായ തുക കണക്കാക്കിയിരിക്കണം.

സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ സൂചികയിലുണ്ടാകുന്ന വർദ്ധനവിനനുയോജ്യമായാണ് വേതനം പരിഷ്കരിച്ച് നിശ്ചയിക്കുന്നത്. മിനിമം വേതനം നിശ്ചയിക്കുമ്പോഴും, പുതുക്കി നിശ്ചയിക്കുമ്പോഴും അടിസ്ഥാന വേതനം കൂടാതെ ഉപഭോക്തൃ സൂചികയിലെ വ്യതിയാനങ്ങൾക്കനുസരിച്ച് മാറിക്കൊ-ണ്ടിരിക്കുന്ന ക്ഷാമബത്തയും നൽകുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖല-കളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനമിറക്കിയിട്ടുണ്ട്;

(ഡി) താഴെപ്പറയുന്ന തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(1) കാർഷിക പ്രവർത്തനങ്ങൾ

(2) ആയുർവേദ, അലോപ്പതി മരുന്നു നിർമ്മാണം

(3) ബീഡി വ്യവസായം

(4) ബ്ലോക്ക് റബ്ബർ ഫാക്ടറികൾ

(5) ഇഷ്ടിക നിർമ്മാണം

(6) കശുവണ്ടി വ്യവസായം

(7) സിനിമ തീയേറ്റർ

(8) കയർ വ്യവസായം

(9) ഗാർഹിക തൊഴിൽ

(10) കൊപ്ര നിർമ്മാണം
(11) മത്സ്യസംസ്കരണം
(12) വനം മേഖല
(13) ഫർണിച്ചർ വ്യവസായം
(14) വസ്ത്ര നിർമ്മാണം
(15) കരകൗശല മേഖല
(16) ആനകളുടെ പരിപാലനവും സംരക്ഷണവും
(17) കൈത്തറി വ്യവസായം
(18) മലഞ്ചരക്ക് വ്യാപാരം
(19) ഹോസിയറി ഇൻഡസ്ട്രി
(20) ഹോസ്റ്റലുകൾ
(21) ഐസ് ഫാക്ടറികൾ
(22) ഖാദി വ്യവസായം
(23) എൽ.പി.ഗ്യാസ് (പാചക വാതകം)
(24) ലൈറ്റ് മോട്ടോർ വെഹിക്കിൾസ്
(25) മദ്യവ്യാപാരവും വിപണനവും
(26) സ്വർണ്ണ-വെള്ളി ആഭരണ നിർമ്മാണം
(27) തീപ്പെട്ടി വ്യവസായം
(28) മൈനർ എഞ്ചിനീയറിംഗ്
(29) ചെറിയ തുറമുഖങ്ങൾ
(30) ഓയിൽ മില്ലുകൾ
(31) ഓയിൽ പാമുകൾ
(32) പെട്രോൾ പമ്പുകൾ
(33) മെഡിക്കൽ ഷോപ്പിലെ ഫാർമസിസ്റ്റുകൾ
(34) പ്ലാന്റേഷനുകൾ
(35) പവർലൂം ഇൻഡസ്ട്രി
(36) പ്രിന്റിംഗ് പ്രസ്സ്
(37) സ്വകാര്യ ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും
(38) റൈസ് മില്ലുകൾ, ഫ്ളോർ, ദാൽ മില്ലുകൾ
(39) നദികളിലെ മണൽ വാരലും അവയുടെ കയറ്റിറക്കും
(40) റബ്ബർ ക്രാപ്പ് മിൽസ്
(41) റബ്ബർ ഉല്പന്നങ്ങൾ
(42) സെയിൽസ് പ്രമോഷൻ ഓഫ്

ഫാർമസ്യൂട്ടിക്കൽ പ്രൊഡക്ട്സ്

(43) സ്ക്രീൻ പ്രിന്റിംഗ്

(44) സെക്യൂരിറ്റി സർവ്വീസ്

(45) കടകളും, വാണിജ്യസ്ഥാപനങ്ങളും

(46) പാറപൊട്ടിക്കൽ, പാറ ഉടയ്ക്കൽ, റോഡ്, കെട്ടിട നിർമ്മാണങ്ങൾ

(47) തൂത്തുവൃത്തിയാക്കലും ശുചീകരണവും

(48) ഓടു വ്യവസായം

(49) ടിംബർ ആന്റ് പ്ലൈവുഡ് ഇൻഡസ്ട്രി

(50) കള്ള് ചെത്ത്

(51) കുട നിർമ്മാണവും, വില്പനയും

(ഇ) മിനിമം വേതനം നിശ്ചയിക്കാത്ത മേഖലയിൽ അത് സമയബന്ധിതമായി നിശ്ചയിക്കുമോ; പുതുക്കി നിശ്ചയിക്കേണ്ടവ സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

(ഇ) ഉണ്ട്. മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാത്ത മേഖലയിൽ സമയബന്ധിതമായി നിശ്ചയിക്കാനും പുതുക്കി നിശ്ചയിക്കേണ്ട മേഖലകളിൽ അടിയന്തിര നടപടി സ്വീകരിക്കുവാനുമായി മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ നടപടികൾ പൂർത്തിയാകുന്നതോടുകൂടി ഇപ്പോൾ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം നിലവിൽ വരുന്നതാണ്.

സെക്ഷൻ ഓഫീസർ